കവർസ്റ്റോറി



# പുതിയ കാലത്തിന്റെ വെല്ലുവിളികൾ തിരിച്ചറിയണം

ഡോ. അബ്ദുൽ ഹഖ് അൻസാരി

**ആനുകാലിക പ്രശ്നങ്ങൾ അറിയുന്നവർക്ക് മതവിജ്ഞാനീയങ്ങളിൽ അവഗാഹം പോയിട്ട് വേണ്ടത്ര അറിവുതന്നെയില്ല. ദഅ്‌വത്ത് മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഇന്ത്യയിലെ ഇതര മതങ്ങളെ പറ്റി സാമാന്യ ജ്ഞാനം പോലുമില്ല. നമ്മുടെ പ്രവർത്തകർക്ക് അനിവാര്യമായും ഇന്ത്യൻ സംസ്കാര ഭൂമികയെപ്പറ്റി ജ്ഞാനമുണ്ടായിരിക്കണം.**

**● വൈജ്ഞാനിക, ഗവേഷണ രംഗത്താണല്ലോ താങ്കൾ കൂടുതൽ സമയം ചെലവഴിച്ചത്. ഇടക്കാലത്ത് പ്രസ്ഥാന നേതൃത്വം ഏറ്റെടുത്തപ്പോൾ മന്ദീഭവിച്ച അത്തരം പ്രവർത്തനങ്ങൾ പുനരാരംഭിച്ചപ്പോൾ എന്തു തോന്നുന്നു?**

വൈജ്ഞാനികരംഗത്ത് മാത്രമായി ഒരിക്കലും എന്റെ ജീവിതം തളച്ചിട്ടിരുന്നില്ല. ഞാൻ സുഊദി അറേബ്യയിലായിരുന്നപ്പോഴുള്ള അനുഭവം പറയാം. അവിടത്തെ പട്ടണങ്ങളിൽ ആയിരക്കണക്കായ പ്രവർത്തകരുണ്ട്. പക്ഷേ എവിടെയും വ്യവസ്ഥാപിതമായി യോഗങ്ങളോ ഖുർആൻ സ്റ്റഡി സെന്ററുകളോ ഉണ്ടായിരുന്നില്ല. മാസത്തിലൊരിക്കൽ പ്രവർത്തകർക്ക് ഒത്തുകൂടാനും സ്ത്രീകളെയും മറ്റും പങ്കെടുപ്പിക്കാനുമുള്ള ഏർപ്പാട് ചെയ്തു. നാട്ടിലെ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ അവർക്ക് പ്രേരണ നൽകി. രിയാദിലെ പത്തു വർഷത്തെ ജീവിതത്തിനിടക്ക് നിരവധി അംഗങ്ങളെയും പ്രവർത്തകരെയും സജ്ജമാക്കാൻ സാധിച്ചത് വലിയൊരു നേട്ടംതന്നെയാണ്.

ഇന്ത്യയിൽ ഞാൻ നേതൃത്വമേറ്റെടുക്കുന്നതിന് മുമ്പ് ഓരോ സംസ്ഥാന ഘടകവും സ്വന്തമായി പദ്ധതികൾ ആവിഷ്കരിച്ച് കേന്ദ്രത്തിന്റെ അനുമതിക്കായി സമർപ്പിക്കലായിരുന്നു പതിവ്. നേതൃത്വം ഏറ്റെടുത്തപ്പോൾ ഒരു ഓൾ ഇന്ത്യാ പ്രോഗ്രാം തയാറാക്കി. അതിന്റെ വെളിച്ചത്തിൽ സംസ്ഥാന സമിതികൾക്ക് സ്വന്തം പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള നിർദേശം നൽകി.

എന്റെ വൈജ്ഞാനിക പ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥാപിതമായ ഇസ്‌ലാമിക അക്കാദമിയുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ ഇപ്പോൾ എനിക്ക് സാധിക്കുന്നുണ്ട്.



■ സദ്റുദ്ദീൻ ഇസ്‌ലാഹി



■ കെ.എ സിദ്ദീഖ് ഹസൻ

**● കേന്ദ്രത്തിന് നേരത്തെതന്നെ പ്രവർത്തന പദ്ധതി (മീഖാത്തീ പ്രോഗ്രാം) ഉണ്ടായിരിക്കെ, താങ്കൾ പുതുതായി ഉണ്ടാക്കിയ പദ്ധതി ഏതാണ്?**

പോളിസി പ്രോഗ്രാം രൂപവത്കരണവും ആസൂത്രണവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാതെയാണ് താങ്കളുടെ ചോദ്യം. ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. കേന്ദ്ര പോളിസി പ്രോഗ്രാമിൽ ഉൾപ്പെട്ട ഒന്നാണ് ജനസേവനം. അതിനുള്ള മാർഗ നിർദേശങ്ങളും അതിൽ സൂചിപ്പിച്ചിരിക്കും. എന്നാൽ

അതിനായി ഒരു പദ്ധതിയും രൂപവത്കരിക്കപ്പെട്ടിരുന്നില്ല. അത്തരം പ്രവർത്തനങ്ങൾ വ്യവസ്ഥാപിതത്വത്തോടെ ഒരു വകുപ്പിന് കീഴിലാക്കാൻ തീരുമാനിക്കുകയും മുൻ കേരള അമീർ സിദ്ദീഖ് ഹസനെ അതിന്റെ സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. ജമാഅത്തിന്റെ ചരിത്രത്തിലാദ്യമായി അദ്ദേഹം അതിനായി ഒരു വിശദമായ പദ്ധതി തയാറാക്കി. അതാണ് വിഷൻ 2016. അത് ജമാഅത്ത് ശൂറ അംഗീകരിക്കുകയും ചെയ്തു. അവയിൽ ചിലത് കേന്ദ്രം നേരിട്ടും ചിലത് സംസ്ഥാന ഘടകങ്ങളുടെ സഹകരണത്തോടെയും പൂർത്തിയാക്കാനുള്ളതാണ്. അതെങ്ങനെ പ്രാവർത്തികമാക്കണം, എത്രത്തോളം ധനശേഖരണം നടത്തണം, കമ്മിറ്റികൾ ഉണ്ടാക്കണം, ഉദ്യോഗസ്ഥരെ നിയമിക്കണം തുടങ്ങിയ കാര്യങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിനെയാണ് 'പദ്ധതി' എന്നു പറയുന്നത്. അത് പോളിസി പ്രോഗ്രാമിൽ പറഞ്ഞതുകൊണ്ടു മാത്രം മതിയാവില്ല.

**● ജമാഅത്തെ ഇസ്‌ലാമിയുടെ ചിന്താ, വൈജ്ഞാനിക, കർമ യാത്രയിൽ താങ്കൾ പൂർണമായും തൃപ്തനാണോ?**

പ്രബോധന പ്രവർത്തനങ്ങളിലോ ഇസ്‌ലാഹി പ്രവർത്തനങ്ങളിലോ ഏർപ്പെട്ടിട്ടുള്ള നമ്മുടെ പ്രവർത്തകർ വൈജ്ഞാനികരംഗത്ത് വേണ്ടത്ര പ്രാവീണ്യമുള്ളവരല്ല. ആനുകാലിക പ്രശ്നങ്ങൾ അറിയുന്നവർക്ക് മതവിജ്ഞാനീയങ്ങളിൽ അവഗാഹം പോയിട്ട് വേണ്ടത്ര അറിവുതന്നെയില്ല. ദഅ്‌വത്ത് മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഇന്ത്യയിലെ ഇതര മതങ്ങളെപ്പറ്റി സാമാന്യ ജ്ഞാനം പോലുമില്ല. നമ്മുടെ പ്രവർത്തകർക്ക് അനിവാര്യമായും ഇന്ത്യൻ സംസ്കാര ഭൂമികയെപ്പറ്റി ജ്ഞാനമുണ്ടായിരിക്കണം. വേദങ്ങൾ, ഉപനിഷത്തുകൾ, ഗീത, രാമായണം തുടങ്ങിയവയെപ്പറ്റി പഠിക്കുകയും ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ അവയെ വിലയിരുത്തുകയും മനസ്സിലാക്കുകയും വേണം.

നമ്മുടെ സാഹിത്യങ്ങളെടുത്തു പരിശോധിച്ചാൽ അവയിൽ പാശ്ചാത്യ ചിന്താദർശനങ്ങളെയും നിരീശ്വര നിർമതത്തെയും കമ്യൂണിസം, മുതലാളിത്തം പോലുള്ളവയെയും വിമർശനവിധേയമാക്കുന്ന നിരവധി പഠനങ്ങൾ കാണാൻ കഴിയും. എന്നാൽ ഇന്ത്യൻ സംസ്കാരത്തെയും ഇന്ത്യയിലെ മതങ്ങളെയും അധികരിച്ചുള്ള പഠനങ്ങൾ വിരളവും

**മൗലാനാ മൗദൂദി ഇസ്‌ലാമിനെ സമർപ്പിച്ചത് പുതിയൊരു രീതിയിലായിരുന്നു. ഇസ്‌ലാമിന്റെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ വശങ്ങൾ ഉൾക്കൊള്ളുന്ന സമഗ്ര സങ്കൽപം അന്ന് ഏറെ പുതുമയുള്ളതായിരുന്നു. അതിനായി രചിക്കപ്പെട്ട കൃതികൾക്ക് അന്നത്തെ സാഹചര്യങ്ങളുമായാണ് ഏറെ പൊരുത്തമുണ്ടാവുക. ഇന്ന് കുറച്ചുകൂടി വ്യത്യസ്തമായ സാഹചര്യത്തിൽ അതിനനുസൃതമായ സാഹിത്യങ്ങൾ ഉണ്ടാവേണ്ടതുണ്ട്.**

ശുഷ്കവുമാണ്. *അൽ ജിഹാദു ഫിൽ ഇസ്‌ലാം* പോലുള്ള ചില ഗ്രന്ഥങ്ങളെ വിസ്മരിച്ചുകൊണ്ടല്ല ഇത് പറയുന്നത്. ഇന്ത്യയിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഹിന്ദു, സിഖ്, ബുദ്ധ, ജൈന മതങ്ങളെക്കുറിച്ച് വ്യക്തമായ അറിവുണ്ടായിരിക്കണം. മൗലാനാ മൗദൂദി *തഫ്ഹീമുൽ ഖുർആനിൽ* ക്രിസ്തുമതത്തെ വിശകലനം ചെയ്തതിന് ആധാരമാക്കിയത് ബൈബിളിലെ പുതിയതും പഴയതുമായ നിയമങ്ങൾ മാത്രമല്ല, എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പോലുള്ള ഗ്രന്ഥങ്ങളുമാണ്. എന്നാൽ കഴിഞ്ഞ നൂറ്റാണ്ടിലെ ജൂത, ക്രൈസ്തവ പണ്ഡിതന്മാർ ബൈബിളിൽ നടത്തിയ നിരൂപണ പഠനങ്ങൾ അദ്ദേഹം പരിഗണിക്കുകയുണ്ടായില്ല. കാലഘട്ടത്തിന്റെ പരിഷ്കർത്താവിനു പോലും എല്ലാ വശങ്ങളെയും പരിഗണിക്കാനായില്ലെന്നു ചുരുക്കം. നമ്മുടെ വിദ്യാർഥികളും ഗവേഷകരും ഇന്ത്യൻ സംസ്കാരത്തെയും ചരിത്രത്തെയും പഠിക്കാൻ സമയം കണ്ടെത്തണമെന്നാണ് പറയാനുള്ളത്. അലീഗഢിൽ നേരത്തെ സെന്റർ ഫോർ റിലീജ്യസ് സ്റ്റഡീസ് എന്ന പഠന ഗവേഷണ കേന്ദ്രം പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ദൽഹിയിലെ ഇസ്‌ലാമി അക്കാദമി ഏറക്കുറെ ആ ലക്ഷ്യം കൂടി മുമ്പിൽ കണ്ട് സ്ഥാപിച്ചതാണ്.

ഇപ്പോൾ ഞാൻ കൂടുതൽ ശ്രദ്ധയൂന്നുന്ന പഠനമേഖല മതതാരതമ്യം, തസ്വവ്വുഫ്, ധാർമിക വിജ്ഞാനം എന്നിവയാണ്. ധാർമിക വിജ്ഞാനവുമായി ബന്ധപ്പെട്ട് നിരവധി പുസ്തകങ്ങൾ ഞാൻ രചിച്ചിട്ടുണ്ട്. എന്റെ ഗവേഷണ ഗ്രന്ഥത്തിന് പുറമെ ഇബ്നു സീനയുടെയും മുഅ്തസില വിഭാഗത്തിന്റെയും ധാർമിക ചിന്തകളെക്കുറിച്ച പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സൂഫിസത്തെക്കുറിച്ച എന്റെ ഗ്രന്ഥത്തിൽ ശൈഖ് അഹ്മദ് സർഹിന്ദിയുടെ ചിന്തകളെയാണ് പഠനവിധേയമാക്കിയിട്ടുള്ളത്. അതിന്റെ ഉർദു ഭാഷാന്തരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതേ പ്രകാരം ഇബ്നു തൈമിയ്യയുടെ ചിന്തകളെപ്പറ്റി ഒരു ബൃഹദ്ഗ്രന്ഥവും തയാറാക്കിയിട്ടുണ്ട്. പലതും രണ്ടു ഭാഷകളിലും പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു.

ജമാഅത്ത് സാഹിത്യങ്ങളിൽ ചില വിഷയങ്ങളിൽ കൂടുതൽ വിശദീകരണവും വ്യക്തതയും വേണമെന്ന അഭിപ്രായം എനിക്കുണ്ട്. ഉദാഹരണത്തിന് ഇബാദത്തിന് വിശാലമായ ഒരു അർഥതലമുണ്ട്. ജീവിതം മുഴുവൻ അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിച്ചുകൊണ്ട് അല്ലാഹുവിന്റെ ഇംഗിതത്തിനൊത്ത് ജീവിക്കുക എന്നതാണത്. അതേ സമയം അല്ലാഹുവിനുള്ള സ്തോത്രവും നന്ദിയും സ്മരണയുമെല്ലാം (ദിക്റ് ദുആകൾ) ഇബാദത്തിന്റെ ഭാഗംതന്നെയാണ്. ഈയൊരു വശം പൂർണമായി നമ്മുടെ സാഹിത്യങ്ങൾ പ്രതിഫലിപ്പിക്കുന്നുണ്ടോ എന്ന് സംശയമാണ്. ഇബാദത്തിന്റെ സന്തുലിതമായ വിവക്ഷ *തഫ്ഹീമി*ലെ 'ഇബാദത്തിന്റെ ശരിയായ സാരം' എന്ന ശീർഷകത്തിൽ കാണാം. *ഖുതുബാത്തി*ലാകട്ടെ നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയവക്ക് ഇസ്‌ലാമികവ്യക്തിത്വ നിർമാണത്തിലും സാമൂഹിക നിർമിതിയിലും വളരെ വലിയ റോളുണ്ടെന്ന് വ്യക്തമാക്കിയിരിക്കുന്നു. അക്കാര്യം ഖുർആൻ വ്യക്തമായി പറഞ്ഞതുമാണ്. ഇതു സംബന്ധിച്ച വിശദമായ ഒരു പ്രബന്ധം ഞാൻ തയാറാക്കിയത് *സിന്ദഗി*യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**● തസ്വവ്വുഫിനെക്കുറിച്ചാണ് താങ്കൾ കൂടുതൽ സംസാരിച്ചത്. പഠനമേഖലയും ഏറക്കുറെ സൂഫിസവുമായി ബന്ധപ്പെട്ടതാണ്. തസ്വവ്വുഫുമായുള്ള അടുപ്പം കുറെ കൂടിപ്പോകുന്നുവെന്ന് കരുതിയാൽ തെറ്റാവുമോ?**

അത് പൂർണമായും ശരിയല്ല.

അങ്ങനെയൊരു ചായ്‌വ് എനിക്ക് സൂഫി സത്തോടില്ല. എന്നാൽ ഞാൻ നിരവധി ഗ്രന്ഥങ്ങൾ ആ വിഷയത്തിൽ എഴുതിയിട്ടുണ്ട്. അതിലേറെ മറ്റു വിഷയങ്ങളിലും എഴുതിയിട്ടുണ്ട്. ഞാൻ ഇബാദത്തുകളെക്കുറിച്ചെഴുതിയ ചില കാര്യങ്ങളാവാം ഇങ്ങനെയൊരു സംശയത്തിന് കാരണം. ഏതായാലും എന്റെ *ജീവിതലക്ഷ്യം: ഇസ്‌ലാമിന്റെ സങ്കൽപം* എന്ന ഗ്രന്ഥം വായിച്ചശേഷം ഒരു അഭിപ്രായം രൂപീകരിക്കലാവും നല്ലത്.

**● ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകനെപ്പറ്റി?**

മൗലാനാ മൗദൂദിയെക്കുറിച്ച് ഈ കാലഘട്ടത്തിലെ പരിഷ്കർത്താവ് എന്നേ പറയാനാവൂ. ഇമാം ഗസ്സാലി, ഇബ്നു തൈമിയ്യ, ശൈഖ് അഹ്മദ് സർഹിന്ദി തുടങ്ങിയവരുടെ സമശീർഷൻ. ചില കാര്യങ്ങളിൽ അവരേക്കാൾ മുമ്പിലുമാണദ്ദേഹം. *തഫ്ഹീമുൽ ഖുർആൻ* എന്ന ഖുർആന്റെ വ്യാഖ്യാനം അതിൽ പെടുത്താം. *ഇഹ്‌യാ ഉലൂമിദ്ദീ*നും *ഹുജ്ജത്തുല്ലാഹിൽ ബാലിഗ*യും മറന്നുകൊണ്ടല്ല പറയുന്നത്. അവ തീർച്ചയായും ഇസ്‌ലാമിക ചിന്തകളുടെയും ദർശനങ്ങളുടെയും ഉത്തുംഗസ്ഥാനത്താണ്. എന്നാൽ ഇസ്‌ലാമിനെ അതിന്റെ സാകല്യത്തിൽ അവതരിപ്പിച്ചത് മൗദൂദിയാണെന്ന് നിസ്സംശയം പറയാം.

**● പ്രാസ്ഥാനിക സാഹിത്യത്തിൽ താങ്കൾ പറഞ്ഞ പോരായ്മ മൗലാനാ സ്വദ്‌റുദ്ദീൻ ഇസ്‌ലാഹിയും ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ?**

എന്റെ അധ്യാപകനായ മൗലാനാ അതിന്റെ പോരായ്മ നികത്താൻ തന്നാലാവും വിധം ശ്രമിച്ചിട്ടുമുണ്ട്. നമ്മുടെ പോരായ്മകൾ സമ്മതിച്ച് അവ നികത്താൻ ശ്രമിക്കുന്നതാണ് അതിന്റെ പേരിൽ കണ്ണീർ പൊഴിക്കുന്നതിനേക്കാൾ അഭികാമ്യം. അത് നമ്മുടെ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്യുക.

**● താങ്കൾ പ്രസ്ഥാനത്തെ ഒരു പ്രത്യേക ദിശയിലൂടെ നോക്കിക്കാണാനാഗ്രഹിക്കുന്നു എന്നല്ലേ മനസ്സിലാക്കേണ്ടത്?**

അല്ല. പ്രസ്ഥാനത്തിന്റെ ചില പോരായ്മകൾ ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. അതിലൊന്ന് ഞാൻ പറഞ്ഞു. ഇബാദത്തുകളെകുറിച്ച് നമ്മുടെ സാഹിത്യങ്ങളിൽ അവയുടെ ആത്യന്തിക ലക്ഷ്യങ്ങളെപ്പറ്റിയല്ല കൂടുതൽ പറയുന്നത്. ഇസ്‌ലാമിക സമൂഹത്തിൽ ധർമനിഷ്ഠയുള്ള വ്യക്തിത്വങ്ങളെ വളർത്തിയെടുക്കാൻ ഇബാദത്തുകൾ എങ്ങനെ പ്രയോജനപ്പെടുന്നു എന്ന വശത്തിനാണ് ഊന്നൽ. ഞാനാ വശത്തെ നിരാകരിക്കുകയല്ല. അതിന് രണ്ടാം സ്ഥാനമേ ഉള്ളൂ എന്നാണ് എന്റെ പക്ഷം. എന്നാൽ തസ്ബീഹ്, തക്ബീർ, റുകൂഅ്, സുജൂദ്, നമസ്കാരം, നോമ്പ് തുടങ്ങിയ ഇബാദത്തുകൾ വ്യക്തിനിഷ്ഠമാണ്. ദൈവസ്മരണയിൽ സ്വന്തത്തെ പൂർണമായും ലയിപ്പിച്ച് നിർത്തലാണത്. പ്രവാചകന്റെയും ശിഷ്യന്മാരുടെയും ജീവിതത്തിൽനിന്ന്, ശൈഖ് സർഹിന്ദിയെപ്പോലുള്ള പിൻമുറക്കാരിൽനിന്ന് നാം മനസ്സിലാക്കുന്ന ഇബാദത്തിന്റെ ആത്യന്തിക ലക്ഷ്യം അതാണ്.

ഇസ്‌ലാമിക പ്രസ്ഥാനം നേരിടുന്ന പുതിയ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് പരിഹാരം കാണാണമെന്നതാണ് ഞാൻ ഊന്നൽ നൽകുന്ന മറ്റൊരു കാര്യം. അവയിലൊന്ന് മൊത്തം മുസ്‌ലിം സമുദായത്തിന് ഭീഷണിയായി നിലകൊള്ളുന്ന വർഗീയ ഫാഷിസമാണ്. മുസ്‌ലിം ചിഹ്നങ്ങളൊന്നും ഇവിടെ നിലനിൽക്കാൻ പാടില്ലെന്നാണ് അവരുടെ ശാഠ്യം. പുറമെ വെളുക്കെ ചിരിക്കുന്നവരും എന്നാൽ മുസ്‌ലിംകളുടെ യാതൊരു ഉന്നമനവും ആഗ്രഹിക്കാത്തവരുമായ സെക്യുലരിസത്തിന്റെയും ജനാധിപത്യത്തിന്റെയും വക്താക്കളെന്ന് അവകാശപ്പെടുന്ന രാഷ്ട്രീയക്കാരും ഭീഷണിതന്നെയാണ്. മുസ്‌ലിംകളുടെ അവകാശങ്ങളെപ്പറ്റി സംസാരിക്കുമെന്നല്ലാതെ ക്രിയാത്മകമായി യാതൊന്നും അവർ ചെയ്യില്ല.

പുറത്തുനിന്നും ചില വെല്ലുവിളികൾ കടന്നുവരുന്നുണ്ട്. ഉത്തരാധുനികമായ ചിന്തകളും തത്ത്വശാസ്ത്രവും ഗ്ലോബലൈസേഷനും മാത്രമല്ല, സ്വവർഗരതി പോലെയുള്ള അധാർമിക പ്രവണതകളും പാശ്ചാത്യർ നമ്മുടെ സംസ്കാരത്തിലേക്ക് കടത്തിവിട്ടുകൊണ്ടിരിക്കുന്നുണ്ട്. ആ നവീന ചിന്തകൾക്കെതിരെ ഖുർആനും സുന്നത്തിലുമധിഷ്ഠിതമായ ധാർമിക ചിന്തകൾ നാം ഉയർത്തിപ്പിടിക്കേണ്ടതുണ്ട്. പാശ്ചാത്യ ലോകത്തും ആ ചിന്തകൾക്കെതിരായി ചില രജതരേഖകൾ കാണുന്നത് ആശ്വാസപ്രദമാണ്. ഹാർവാർഡ് യൂനിവേഴ്സിറ്റി പ്രസിദ്ധീകരിച്ച *Decentralization of the World* പോലുള്ള ഗ്രന്ഥങ്ങൾ ഏറെ പ്രതീക്ഷ നൽകുന്നുണ്ട്.

**● ജമാഅത്തെ ഇസ്‌ലാമിയുടെ രൂപത്കരണത്തിന് മുമ്പും പിമ്പുമായി രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ ആ കാലത്തിന് അനുയോജ്യമായിരുന്നെങ്കിലും ഇപ്പോഴത്തെ ആവശ്യങ്ങൾക്ക് മതിയാവുന്നില്ല എന്ന് തോന്നുന്നുണ്ടോ?**

മൗലാനാ മൗദൂദി ഇസ്‌ലാമിനെ സമർപ്പിച്ചത് പുതിയൊരു രീതിയിലായിരുന്നു. ഇസ്‌ലാമിന്റെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ വശങ്ങൾ ഉൾക്കൊള്ളുന്ന സമഗ്ര സങ്കൽപം അന്ന് ഏറെ പുതുമയുള്ളതായിരുന്നു. അതിനായി രചിക്കപ്പെട്ട കൃതികൾക്ക് അന്നത്തെ സാഹചര്യങ്ങളുമായാണ് ഏറെ പൊരുത്തമുണ്ടാവുക. ഇന്ന് കുറച്ചുകൂടി വ്യത്യസ്തമായ സാഹചര്യത്തിൽ അതിനനുസൃതമായ സാഹിത്യങ്ങൾ ഉണ്ടാവേണ്ടതുണ്ട്. ഞാൻ എന്റെ ചില ഗ്രന്ഥങ്ങളിൽ അതിന് ശ്രമിച്ചിട്ടുണ്ട്. *തസവ്വുഫും ശരീഅത്തും*, *ജീവിത ലക്ഷ്യത്തിന്റെ ഇസ്‌ലാമിക പരിപ്രേക്ഷ്യം* എന്നിവ ഉദാഹരണം. അതെത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് വിലയിരുത്തേണ്ടത് വായനക്കാരാണ്.

**● ഇക്കാര്യത്തിൽ ആദ്യത്തെ കാൽവെപ്പ് താങ്കളുടേതാണോ?**

എന്റെ സുഹൃത്തും സാമ്പത്തിക ശാസ്ത്ര ചിന്തകനുമായ ഡോ. നജാത്തുല്ലാ സിദ്ദീഖി സാമ്പത്തിക ശാസ്ത്ര കാര്യങ്ങളിൽ മൗലാനാ മൗദൂദിയുമായുള്ള അഭിപ്രായ വ്യത്യാസം രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലേതുപോലെ ജന്മിത്തം അവസാനിപ്പിക്കാൻ പാകിസ്താനിൽ സാധിക്കാതിരുന്നതിന് ഒരു കാരണം, മൗദൂദിയുടെ ഉടമാവകാശത്തെക്കുറിച്ച വീക്ഷണമാണെന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. സ്വകാര്യ ഉടമാവകാശത്തെപ്പറ്റി പറഞ്ഞതിനെ അവിടെ ജന്മികൾ സ്വന്തം ആവശ്യത്തിനായി ഉപയോഗിച്ചു. പൊതുജന താൽപര്യം കണക്കിലെടുത്ത് സ്വകാര്യ ഉടമാവകാശം നിയന്ത്രിക്കാമെന്നാണ് നജാത്തുല്ല സിദ്ദീഖിയുടെ നിരീക്ഷണം.

**● പുതിയ കൃതികൾ?**

ആരോഗ്യ പ്രശ്നങ്ങൾ കാരണം നേരത്തെ ചിട്ടപ്പെടുത്തിയ ആശയങ്ങൾ പോലും എഴുതാനാവുന്നില്ല. സൂഫികളുടെ ദർശനങ്ങളെപ്പറ്റി ഒരു ഗ്രന്ഥം *Sufi Perspective: Experience and Reality* എന്ന പേരിൽ എഴുതി കഴിഞ്ഞിട്ടുണ്ട്. സൂഫി നിരീക്ഷണങ്ങൾക്ക് പ്രവാചകന്റെ ദർശനങ്ങളുമായുള്ള ബന്ധമാണ് ചർച്ചാവിഷയം. അവ തമ്മിൽ ഏറെ വ്യത്യാസങ്ങളുള്ളപ്പോൾ തന്നെ സാമ്യതകളുമുണ്ട്. ഇക്കാര്യം അല്ലാമാ ഇഖ്ബാലും നിരീക്ഷിച്ചിട്ടുണ്ട്. പിന്നെ മതതാരതമ്യ പഠനത്തിൽ മറ്റൊരു ഗ്രന്ഥവും പണിപ്പുരയിലുണ്ട്.

**വിവ: അബ്ദുർറഹ്മാൻ കൊടിയത്തൂർ**